"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപറ്റ പട്ടികവർഗ്ഗ നഗറിൽ  വിവിധ വികസന പ്രവർത്തനങ്ങൾ പാലക്കാട് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1708/2024/LSGD   തീയതി,തിരുവനന്തപുരം, 16-09-2024

---

പരാമർശം:-
1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്ത്.
2. 22.01.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി തീരുമാനം 4.36
3. 17.07.2024-ലെ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ പി.എം3-5672/23 നമ്പർ കത്ത്.
4. 13.08.2024 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി തീരുമാനം 2.7 ഖണ്ഡിക 4.36.

**ഉത്തരവ്**

മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപറ്റ പട്ടികവർഗ്ഗ നഗർ ഏറ്റെടുത്ത് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും, ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

പാലക്കാട് ജില്ലാപഞ്ചായത്ത് സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപറ്റ നഗറിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യാവുന്നതാണ് എന്ന് പരാമർശം (3) പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

1. ഹഡ്കോ പദ്ധതിയിൽ അനുവദിച്ച 12 വീടുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ
2. കാർഷികവൃദ്ധി - കൈവശമുള്ള സ്ഥലത്തിന് അനുയോജ്യമായ കൃഷി, കൃഷിവകുപ്പ് മുഖേന നടപ്പിലാക്കാവുന്നതാണ്.
3. ഇലക്ട്രിക് ഫെൻസിംഗ് - വന്യമൃഗ ശല്യമുള്ള ഈ നഗറിനു ചുറ്റം വനം വകുപ്പമായി ബന്ധപ്പെട്ട് ഇലക്ട്രിക് ഫെൻസിംഗ് നടപ്പിലാക്കേണ്ടതുണ്ട്.

4. കുടിവെള്ളം - നിലവിൽ നഗറിൽ 2 പൊതുകിണർ ഉണ്ട്. ഇത് നവീകരിച്ച് സംരക്ഷണമതിൽ കെട്ടി മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിച്ച് എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കേണ്ടതുണ്ട്.
5. റോഡ് - നഗറിനുള്ളിൽ ഏകദേശം 1 കിമി ദൂരം റോഡ്, ഡ്രെയിനേജ് എന്നിവ ആവശ്യമാണ്.
6. അങ്കണവാടി - ഈ നഗറിൽ അങ്കണവാടി കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ പാറകളം നഗറിലെ സ്വകാര്യവ്യക്തിയുടെ വീട്ടിലാണ് അങ്കണവാടി പ്രവർത്തിച്ച് വരുന്നത്. ആയതിനാൽ വെള്ളഴുത്താൻപറ്റ നഗറിൽ അങ്കണവാടി കെട്ടിടം, കമ്മ്യൂണിറ്റിഹാൾ എന്നിവ ആവശ്യമാണ്.

പരാമർശം (4) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. മുകളിൽ പറഞ്ഞവയടക്കമുള്ള പ്രവൃത്തികൾക്ക് പട്ടികവർഗ്ഗ വികസനവകുപ്പ് വിഹിതം വയ്ക്കാത്ത സാഹചര്യത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപറ്റ പട്ടികവർഗ്ഗ സങ്കേതം ഏറ്റെടുത്ത് ഇവയടക്കമുള്ള പ്രവൃത്തികൾ മുൻഗണന നിശ്ചയിച്ച് ജില്ലാപഞ്ചായത്ത് മുഖേന നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
**Signed by Viraj K**
**Date: 18-09-2024 11:49:57**
സെക്ഷൻ ഓഫീസർ

പഞ്ചായത്ത് സെക്രട്ടറി, മലമ്പുഴ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് പ്രസിഡണ്ട്, മലമ്പുഴ ഗ്രാമപഞ്ചായത്ത്
ജില്ലാപഞ്ചായത്ത് സെക്രട്ടറി, പാലക്കാട് ജില്ല
ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, പാലക്കാട് ജില്ല
ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് ജില്ല
ജോയിന്റ് ഡയറക്ടർ, പാലക്കാട് ജില്ല, തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:-
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്